21242
26/11/19

File No.FWLD-F1/421/2017-FWLD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 01/09/2013-ൽ 20 വർഷത്തിലധികമായി വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്ന 35 ജീവനക്കാരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.31/2019/വനം തീയതി,തിരുവനന്തപുരം, 03/11/2019

പരാമർശം:- 1 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.

2 28/12/2015 ലെ സ.ഉ (എം.എസ്)നം.110/2015/വനം നമ്പർ ഉത്തരവ്.

3 ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 12.09.2018, 17.10.2018, 15.11.2018,20.03.2019, 13.06.2019 എന്നീ തീയതികളിലെ ഇ6/43286/2017നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 234 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം 1 , 2 ലെ ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് ടി രണ്ടു ലിസ്റ്റിലും ഉൾപ്പെടാതെ പോയതും 01/09/2013- ൽ 20 വർഷത്തിലധികമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതുമായ ചിലരെ കൂടി വിവിധ ഉത്തരവുകൾ പ്രകാരം സർക്കാർ സ്ഥിരപ്പെടുത്തുകയുണ്ടായി. എന്നാൽ പരാമർശം 1,2, ഉത്തരവുകളിൽ ഉൾപ്പെടാൻ അർഹതയുണ്ടായിരുന്നിട്ടും രണ്ടു ലിസ്റ്റിലും ഉൾപ്പെടാതെ പോയതും 01/09/2013-ൽ 20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരുമായ അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ പറയുന്ന 35 താൽക്കാലിക ജീവനക്കാരുടെ ലിസ്റ്റ് കൂടി ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ പരാമർശം മൂന്ന് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ടി ജീവനക്കാരെ മാനുഷിക പരിഗണന നൽകി വകുപ്പിൽ സ്ഥിരപ്പെടുത്തുന്ന കാര്യം ഒരു പ്രത്യേക കേസായി പരിഗണിക്കണമെന്ന് അപേക്ഷിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ 01/09/2013-ൽ

20 വർഷത്തിലേറെക്കാലമായി തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരായിട്ടും പരാമർശം1,2ലെ ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാന ത്തിൽ ജോലി ചെയ്ത് വന്നിരുന്നവരെ സ്ഥിരപ്പെടുത്തിയപ്പോൾ ചില സാങ്കേതിക കാരണങ്ങളാൽ ടി രണ്ടു ലിസ്റ്റിലും ഉൾപ്പെടാതെപോയവരാണ് ലഭ്യമായ ലിസ്റ്റിൽപ്പെട്ട 35 പേരും. ആയതിനാൽ തന്നെ ടി 35 പേരും വകുപ്പിൽ സ്ഥിരപ്പെടുവാൻ അർഹരാണ്. എന്നാൽ ടി ലിസ്റ്റിൽ ക്രമ നമ്പർ.16 ശ്രീ. ജി. ഗിരീഷ് (ജനനതീയതി 19/05/1959), ക്രമ നമ്പർ.17 ശ്രീ. കെ.ആർ രാമചന്ദ്രൻ (ജനനതീയതി 07/01/1958), ക്രമ നമ്പർ. 20 ശ്രീ. സി.ഇ പൗലോസ് (ജനനതീയതി 04/04/1958), ക്രമ നമ്പർ. 21 ശ്രീ. വി.വി. വർഗീസ് (ജനനതീയതി 10/01/1958), ക്രമ നമ്പർ. 30 ശ്രീ. ബി.ആർ പ്രകാശ് (ജനനതീയതി 17/03/1959) എന്നിവർ വിരമിക്കൽ തീയതിയായ 60 വയസ്സ് പൂർത്തിയാക്കിയവരാണ്. ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് മേൽ 5 ജീവനക്കാർക്കും വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതുകൊണ്ടുള്ള യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല.

4. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ വിവിധ തസ്തികകളിലായി താത്ക്കാലിക സേവനമനുഷ്ഠിച്ചിരുന്ന 234 ജീവനക്കാരെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പരാമർശം 1, 2 ലെ ഉത്തരവുകൾ പ്രകാരം സർക്കാർ സ്ഥിരപ്പെടുത്തിയപ്പോൾ, ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയുണ്ടായിരുന്നിട്ടും ആനുകൂല്യം ലഭിക്കാതിരുന്ന, അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട 35 ജീവനക്കാരിൽ വിരമിക്കൽ പ്രായം അധികരിച്ചിട്ടില്ലാത്ത 30 ദിവസവേതന ജീവനക്കാരെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വാച്ചർ തസ്തികയിൽ 8500-13210 രൂപ ശമ്പള സ്കെയിലിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

- താത്ക്കാലിക ജീവനക്കാർ ഇപ്പോൾ അവർ ജോലി നോക്കുന്ന തസ്തിക ഏതു തന്നെയാണെങ്കിലും അവരെ വാച്ചർക്ക് തുല്യമായ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് വാച്ചർമാരുടെ 8500-13210 എന്ന ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്തുന്നതാണ്.
- ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തികകൾ അവർ സർവ്വീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവു തിയതി മുതൽ മാത്രമേ ഈ ജീവനക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.
- അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താത്ക്കാലിക ജീവനക്കാർ വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു എന്നതു സംബന്ധിച്ച ആധികാരിക രേഖകൾ ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5. വിരമിക്കൽ പ്രായമായ 60 വയസ്സ് കഴിഞ്ഞ ഖണ്ഡിക 3ൽ പറയുന്ന 5

ജീവനക്കാരെ പരാമർശം 1-ലെ ഉത്തരവ് തീയതി പ്രാബല്യത്തിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക്മാത്രം പരിഗണിച്ചുകൊണ്ട് വാച്ചർമാരുടെ 8500-13210 എന്ന ശമ്പള സ്കെയിലിൽ നോഷണലായി സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി അഞ്ച് ജീവനക്കാരും വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു എന്നതു സംബന്ധിച്ച ആധികാരിക രേഖകൾ ഭരണവിഭാഗം ഉപമുഖ്യവനപാലകൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**Dr.ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (18340/Agri-A2/37/2014-FIN dated 14/12/2018)
നിയമ വകുപ്പ് (27216/Opn.D2/2018/Law dated 05.04.2019)
പൊതുഭരണ (എസ്. സി) വകുപ്പ്
വെബ് & ന്യൂ മീഡിയ.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിനോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയപ്പോൾ വിട്ടുപോയ ജീവനക്കാരുടെ ലിസ്റ്റ്

| ക്രമ നം. | പേര് | ഡിവിഷൻ/ റെയ്ഞ്ച് | ജനന തീയതി/ വയസ്സ് (01.09.2013) | സർവ്വീസിൽ പ്രവേശിച്ച തീയതി, വർഷം |
|---|---|---|---|---|
| 1. | ശ്രീ. നാഗരാജ് | വൈൽഡ് ലൈഫ്, മൂന്നാർ | 27/04/1974<br>39 വയസ്സ് | 01/05/1992 |
| 2. | ശ്രീ. പി.കെ. പുരുഷോത്തമൻ നായർ | വൈൽഡ് ലൈഫ്, തിരുവനന്തപുരം | 20/04/1964<br>49 വയസ്സ് | 08/1993 |
| 3. | എം. എം. ഹംസ | ചാലക്കുടി ഡിവിഷൻ | 17/02/1968<br>45 വയസ്സ് | 1990 |
| 4. | ശ്രീ. സി. ഒ. പൗലോസ് | ചാലക്കുടി ഡിവിഷൻ | 20/05/1967<br>46 വയസ്സ് | 1981 |
| 5. | ശ്രീ. പി.എൻ. മോഹനൻ | തൃശ്ശൂർ ഡിവിഷൻ | 30/05/1969<br>44 വയസ്സ് | 08/1990 |
| 6. | ശ്രീ. പി.എം. കുഞ്ഞുമോൻ | തൃശ്ശൂർ ഡിവിഷൻ | 10/04/1967<br>46 വയസ്സ് | 04/1992 |
| 7. | ശ്രീ. വി. കെ. ബാലൻ | തൃശ്ശൂർ ഡിവിഷൻ | 21/01/1962<br>51 വയസ്സ് | 01/1993 |
| 8. | ശ്രീ. കെ. അച്ചൻകുഞ്ഞ് | അഞ്ചൽ റെയ്ഞ്ച് | 01/04/1967<br>46 വയസ്സ് | 1992 |
| 9. | ശ്രീ. ബാഹുലേയൻ നായർ | അഞ്ചൽ റെയ്ഞ്ച് | 30/05/1967<br>46 വയസ്സ് | 06/1992 |
| 10. | ശ്രീ. മത്തായി മാമച്ചൻ | അഞ്ചൽ റെയ്ഞ്ച് | 30/05/1962<br>51 വയസ്സ് | 1987 |
| 11. | ശ്രീ. മധുസൂദനൻ | പത്തനാപുരം റെയ്ഞ്ച് | 23/05/1970<br>43 വയസ്സ് | 1991 |
| 12. | ശ്രീ. സത്യവേൽപിള്ള | ആര്യങ്കാവ് റെയ്ഞ്ച് | 24/04/1964<br>49 വയസ്സ് | 01/01/1993 |
| 13. | ശ്രീ. രാധാകൃഷ്ണൻ | സൈലൻറ് വാലി | 02/01/1976<br>37 വയസ്സ് | 18/01/1993 |

| | | | | |
|---|---|---|---|---|
| 14. | ശ്രീമതി. കാളിയമ്മ | സൈലന്റ് വാലി | 01/02/1976<br><br>37 വയസ്സ് | 18/01/1993 |
| 15. | ശ്രീ. ജോൺസൺ എ. ഡി. | നിലമ്പൂർ നോർത്ത് | 20/07/1963<br><br>50 വയസ്സ് | 1991 |
| 16. | ശ്രീ. ജി. ഗിരീഷ് | വൈൽഡ് ലൈഫ്, ഇടുക്കി | 19/05/1959 | 1989 |
| 17. | ശ്രീ. കെ. ആർ. രാമചന്ദ്രൻ | വൈൽഡ് ലൈഫ്, ഇടുക്കി | 07/01/1958<br><br>55 വയസ്സ് | 06/1993 |
| 18. | ശ്രീ. ഭുവനചന്ദ്രൻ നായർ | വൈൽഡ് ലൈഫ്, നെയ്യാർ | 30/05/1960<br><br>53 വയസ്സ് | 04/1993 |
| 19. | ശ്രീ. എൻ. ഡി. ആന്റണി | സോഷ്യൽ ഫോറസ്ട്രി, എറണാകുളം | 02/02/1968<br><br>45 വയസ്സ് | 10/07/1987 |
| 20. | ശ്രീ. സി. ഇ. പൗലോസ് | മൂന്നാർ ഡിവിഷൻ | 04/04/1958<br><br>55 വയസ്സ് | 1990 |
| 21. | ശ്രീ. വി. വി. വർഗ്ഗീസ് | താമരശ്ശേരി റെയ്ഞ്ച് | 10/01/1958<br><br>55 വയസ്സ് | 1989 |
| 22. | ശ്രീ. എം. വി. ജോയ് | സോഷ്യൽ ഫോറസ്ട്രി, എറണാകുളം | 23/12/1960<br><br>53 വയസ്സ് | 1989 |
| 23. | ശ്രീ. കെ. സി. അഹമ്മദ് | നിലമ്പൂർ നോർത്ത് | 10/02/1961<br><br>52 വസ്സ് | 1991 |
| 24. | ശ്രീമതി. ഐഷാബീവി | പെരിയാർ ഈസ്റ്റ് ഡിവിഷൻ | 07/02/1966<br><br>47 വയസ്സ് | 1992 |
| 25. | ശ്രീ. കെ. അശോകൻ കാണി | വൈൽഡ് ലൈഫ് ശെന്തുരുണി | 01/05/1965<br><br>48 വയസ്സ് | 1991 |
| 26. | ശ്രീ. മുഹമ്മദ് എം. | അച്ചൻകോവിൽ ഡിവിഷൻ | 50 വയസ്സ് | 11/03/1991 |
| 27. | ശ്രീ. എ. മജീദ് | അച്ചൻകോവിൽ ഡിവിഷൻ | 01/12/1970<br><br>43 വയസ്സ് | 1992 |
| 28. | ശ്രീ. എം. ഗുരുസ്വാമി | അച്ചൻകോവിൽ ഡിവിഷൻ | 1975 ജനന വർഷം | 1992 |

| | | | | |
|---|---|---|---|---|
| 29. | ശ്രീ. കെഞ്ചൻ | തോൽപ്പെട്ടി റെയ്ഞ്ച് | 07/07/1967<br><br>46 വയസ്സ് | 1990 |
| 30. | ശ്രീ. ബി. ആർ. പ്രകാശ് | ആറ്റിങ്ങൽ സോഷ്യൽ ഫോറസ്റ്റി റെയ്ഞ്ച് | 17/03/1959<br><br>54 വയസ്സ് | 1992 |
| 31. | ശ്രീ. ജി. ജയപ്രസാദ് | സോഷ്യൽ ഫോറസ്റ്റി കൊല്ലം | 10/05/1966<br><br>47 വയസ്സ് | 1990 |
| 32. | ശ്രീ. എൻ. സുരേന്ദ്രൻ | സോഷ്യൽ ഫോറസ്റ്റി കൊല്ലം | 01/01/1968<br><br>45 വയസ്സ് | 10/01/1993 |
| 33. | ശ്രീ. ജി. മുരളീധരൻ പിള്ള | സോഷ്യൽ ഫോറസ്റ്റി കൊല്ലം | 30/05/1964<br><br>49 വയസ്സ് | 1990 |
| 34 | ശ്രീ. മാത്തൻ കാണി | വൈൽഡ് ലൈഫ്, തിരുവനന്തപുരം | 01/01/1960<br><br>59 വയസ്സ് | 4/92 |
| 35 | ശ്രീ. കെ. മനോജ് | നിലമ്പൂർ സൗത്ത് ഡിവിഷൻ | 17/05/1975 | 08/1993 |

*Dr. ആഷ തോമസ് ഐ എ എസ്, ACS (F&WLD), O/o ACS Forest & Wild Life*

*അഡീഷണൽ ചീഫ് സെക്രട്ടറി*

*03/11/2019*